പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 331 — 14.10.2011-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>,, ജോസഫ് വാഴക്കൻ<br>,, എ. റ്റി. ജോർജ്<br>,, ഹൈബി ഈഡൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലും സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (ബി) ഇതു സംബന്ധിച്ച് ധവളപത്രം ഇറക്കാൻ തയ്യാറാകുമോ; | (ബി) ഉദ്ദേശമില്ല. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) ഉണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ചേർന്ന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുമായി അവലോകനയോഗം നടത്തി. കൂടാതെ റിയാബ് നിരന്തരമായി അവലോകനയോഗം നടത്തിവരുന്നുണ്ട്. പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇൻറർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ദൈനംദിന മോണിട്ടറിംഗ് സംവിധാനം, മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു. ഈ മോണിട്ടറിംഗ് സംവിധാനത്തിന്റെ ചുമതല Public Sector Restructuring & Internal Audit Board (RIAB) - നാണ്. |

സെക്ഷൻ ഓഫീസർ